**കേരള സർക്കാർ**

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**<u>പരിപത്രം</u>**

**നം.58/2023/ധന** **തീയതി, തിരുവനന്തപുരം, 17.06.2023**

വിഷയം:- എയ്ഡഡ് സ്കൂൾ / കോളേജിലെ സേവനം പെൻഷൻ ആനുകൂല്യങ്ങൾക്കായി പരിഗണിക്കുന്നത് - അധിക നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- (1) 10/08/2018-ലെ സ.ഉ.(പി) നം.128/2018/ധന നമ്പര് ഉത്തരവ്.

(2) 28/10/2019-ലെ സ.ഉ.(കൈ) നം.401/2019/ധന നമ്പര് ഉത്തരവ്.

(3) 27/11/2019-ലെ സ.ഉ.(പി) നം.165/2019/ധന നമ്പര് ഉത്തരവ്.

ഡയറക്റ്റ് പേയ്മെന്റ് സിസ്റ്റം നിലവിൽ വന്നതിനു ശേഷമുള്ള എയ്ഡഡ് സ്കൂളിലെ റെഗുലർ ഫുൾ ടൈം സർവ്വീസ് മാത്രം സർക്കാർ സർവ്വീസിനൊപ്പം 10.08.2018 മുതൽ പെൻഷനു കണക്കാക്കുന്നതാണെന്ന് സൂചന (1) ഉത്തരവ് പ്രകാരം കെ.എസ്.ആർ. ഭാഗം III ചട്ടം 14E -ൽ ഭേദഗതി ചെയ്യുകയുണ്ടായി. എയ്ഡഡ് സ്കൂളിലെ അവധി ഒഴിവിലെ (Leave vacancy) സേവനം പെൻഷന് കണക്കാക്കുന്നതിന് ശ്രീ. സാബു മാത്യു ഫയൽ ചെയ്ത WP(C)No.30167/2016 -ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീൽ ബഹു. ഹൈക്കോടതി തള്ളിയതിനെ തുടർന്ന് 10.08.2018 മുതൽ എയ്ഡഡ് സ്കൂളിലെ റെഗുലർ ഫുൾ ടൈം സർവ്വീസ് മാത്രമേ സർക്കാർ സർവ്വീസിനൊപ്പം പെൻഷനു കണക്കാക്കുകയുള്ളു എന്ന് സൂചന (2) പ്രകാരം സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 10.08.2018 -ന് ശേഷം റെഗുലർ എയ്ഡഡ് സർവ്വീസ് മാത്രം പെൻഷനു യോഗ്യ സർവ്വീസായി കണക്കാക്കി വരുന്ന സാഹചര്യത്തിൽ പെൻഷൻ അനുവദിക്കുന്ന എല്ലാ അധികാരികളും (Pension Sanctioning Authorities) താഴെ പറയുന്ന നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

- റഗുലർ തസ്തികയിൽ നിയമിതരായ ജീവനക്കാർ തുടർന്ന് മറ്റൊരു താൽക്കാലിക അവധി ഒഴിവിലേക്ക് നിയമിക്കപ്പെടുകയും വീണ്ടും പഴയ തസ്തികയിലേക്ക് മടങ്ങുകയും ചെയ്താൽ ആയതു തുടർച്ചയായ സേവനമായി പരിഗണിക്കാൻ കഴിയാത്തതിനാൽ താൽക്കാലിക അവധി ഒഴിവിലെ സേവനകാലം പെൻഷനു യോഗ്യസേവനമായി കണക്കാക്കേണ്ടതില്ല.
- കെ.എസ്.ആർ ഭാഗം III ചട്ടം 14E(b) i പ്രകാരം എയ്ഡഡ് കോളേജുകളിൽ ഡയറക്റ്റ് പേയ്മെന്റ് സിസ്റ്റം നിലവിൽ വന്ന 30.07.1979 മുതലുള്ള റെഗുലർ ഫുൾ ടൈം സർവ്വീസ് മാത്രം പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതിനാൽ എയ്ഡഡ് കോളേജ് / എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിലെ റെഗുലർ തസ്തികയിലെ സേവനം മാത്രം പെൻഷന് യോഗ്യസേവനമായി കണക്കാക്കേണ്ടതാണ്.
- കെ.എസ്.ആർ ഭാഗം III ചട്ടം 10 പ്രകാരം റഗുലറൈസ്ഡ് സർവ്വീസ് മാത്രം പെൻഷന് പരിഗണിക്കുന്നതാണ്. റഗുലർ തസ്തികകളിൽ നിയമിതരായ ജീവനക്കാർ പിന്നീട് മറ്റൊരു അവധി ഒഴിവിലേക്ക് / താൽക്കാലിക ഒഴിവിലേയ്ക്ക് നിയമിക്കപ്പെടുകയും തിരികെ റെഗുലർ

തസ്തികയിലേക്ക് മടങ്ങുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ, അവധി / താൽക്കാലിക ഒഴിവിലെ സേവന കാലയളവ് സേവനഭംഗമായി മാത്രം കണക്കാക്കേണ്ടതാണ്.

- സൂചന (3) ഉത്തരവ് പ്രകാരം കെ.എസ്.ആർ ഭാഗം III ചട്ടം 31 -ൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സംരക്ഷിതാധ്യാപകർ തസ്തികയില്ലാതെ പുറത്ത് നിൽക്കുന്ന കാലയളവ് പെൻഷനു കണക്കാക്കുന്നതല്ല. സേവനഭംഗ കാലയളവ് "non duty" ആയിട്ട് റഗുലറൈസ് ചെയ്താൽ മാത്രം പ്രസ്തുത സേവനഭംഗ കാലയളവിന് മുമ്പുള്ള റഗുലറൈസ്ഡ് സർവ്വീസ് പെൻഷന് പരിഗണിക്കേണ്ടതാണ്.

- സേവന പുസ്തകത്തിൽ രേഖപ്പെടുത്താത്ത പെൻഷന് കണക്കാക്കേണ്ട റെഗുലർ എയ്ഡഡ് സേവനം / അധിക സേവനം എന്നിവ കെ. ഇ. ആർ. സർട്ടിഫിക്കറ്റിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

**ബിശ്വനാഥ് സിൻഹ**
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള, തിരുവനന്തപുരം.
3. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
4. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
5. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
6. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം.
7. ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്
8. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
9. ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
10. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
11. പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
12. നോഡൽ ഓഫീസർ, www.finance.kerala.gov.in
13. ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ.
14. ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ (E-311563/PEN-B2/26/2016-FIN)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ